# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 500
# 05.06.2018 ലെ മറുപടിക്ക്

## പെയിൻ ആന്റ് പാലിയേറ്റീവ് യൂണിറ്റുകൾക്ക് എം.എൽ.എ ഫണ്ട്

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| പെയിൻ ആന്റ് പാലിയേറ്റീവ് യൂണിറ്റുകൾക്ക് ഡയാലിസിസ് യൂണിറ്റ്, ആംബുലൻസ്, മറ്റ് ചികിത്സാ സഹായങ്ങൾ എന്നിവയ്ക്ക് വേണ്ടി എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിന് ആയതിന്റെ മാനദണ്ഡത്തിലും മാർഗ്ഗനിർദ്ദേശങ്ങളിലും ആവശ്യമായ ഭേദഗതികളോ കൂട്ടിച്ചേർക്കലുകളോ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | 29/12/2017 ലെ സ.ഉ(അച്ചടി)നം. 161/2017/ധന. പ്രകാരം എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം 1 ലെ ഖണ്ഡിക 23 പ്രകാരം പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ആംബുലൻസുകൾ വാങ്ങുന്നതിന് അനുമതിയുണ്ട്. ടി ഉത്തരവിന്റെ ഖണ്ഡിക 6.3 പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്ന രജിസ്റ്റേർഡ് ട്രസ്റ്റുകൾ/സൊസൈറ്റികൾ എന്നിവയ്ക്ക് പ്രത്യേക വികസന നിധി ഉപയോഗിച്ച് X-ray മെഷീൻ, ഡയാലിസിസ് യൂണിറ്റ് എന്നിവ പോലുള്ള ആശുപത്രി ഉപകരണങ്ങൾ, ആംബുലൻസുകൾ, വീൽ ചെയറുകൾ, സ്ട്രെക്ച്ചറുകൾ എന്നിവ വാങ്ങാൻ അനുമതിയുണ്ട്. സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയ്ക്കായാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ സർക്കാർ ഉടമസ്ഥതയിലല്ലാത്ത പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ആസ്തി വികസന ഫണ്ട് വിനിയോഗിക്കുവാൻ അനുമതിയില്ല. ആയതിലേയ്ക്കായി മാർഗ്ഗ നിർദ്ദേശങ്ങളിലും മാനദണ്ഡങ്ങളിലും ഭേദഗതികളോ കൂട്ടിച്ചേർക്കലുകളോ വരുത്തുന്നത് പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ